തിരൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

130(1196) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽനിന്നും തിരൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയ്ക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

റവന്യൂ വകുപ്പിൽനിന്നും തിരൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റോഡ് വികസനം

(2) ആർ.എം.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിന്റെ ബലിതർപ്പണ കടവ് നിർമ്മാണം

(3) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി,

(i) കുറ്റിപ്പുറം ബ്ലോക്കിലെ കൽപകൻചേരി ഗ്രാമപഞ്ചായത്തിൽ 11 കുഴൽ കിണറുകൾ.

(ii) തെക്കുമുറി, ഏഴൂർ, മലപ്പുറമ്പ, പളളിക്കൽ എന്നിവിടങ്ങളിലെ പൈപ്പ് ലൈൻ നീട്ടൽ

(iii) രംഗത്തൂർ മലബാർ കോളനി, ചാമല്ലൂർ പറക്കുന്ന് എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതി.

ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക വിവരക്കണക്ക് ചുവടെ ചേർക്കുന്നു:

(1) റോഡ് വികസനം - 1,22,50,000 രൂപ

(2) തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിന്റെ ബലിതർപ്പണ കടവ് നിർമ്മാണം - 44,77,532 രൂപ

(3) വരൾച്ചാദുരിതാശ്വാസ പ്രവർത്തനം - 23,66,837 രൂപ

(i) കുഴൽക്കിണറുകൾ	-	5,59,834 രൂപ
(ii) പൈപ്പ് ലൈൻ നീട്ടൽ	-	4,83,520 രൂപ
(iii) കുടിവെള്ള പദ്ധതി	-	13,23,483 രൂപ

LIBRARY ARCHIVES Kerala Legislative Assembly